# മഹാത്മാഗാന്ധി സർവ്വകലാശാല

നം.എ.ഡി. എ1-2-25/2017      തീയതി 26.08.2017

## പരിപത്രം

വിഷയം:- 'ജൈവം 2017' - കോട്ടയം ജില്ലാ ജൈവ സാക്ഷരതാ യജ്ഞം 2017 :- സംബന്ധിച്ച്

സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി സൗഹൃദ സംരംഭമായ ' ഹരിതകേരളം' പദ്ധതിക്ക് ശക്തി പകരാൻ ജൈവ കാർഷിക മേഖലയിൽ മഹാത്മാഗാന്ധി സർവ്വകലാശാലയുടേതായ പ്രവർത്തനങ്ങൾ നടത്തുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണ് 'ജൈവം' . ഈ പദ്ധതി കോട്ടയം ജില്ലയെ സമ്പൂർണ്ണ ജൈവ സാക്ഷര ജില്ലയാക്കി മാറ്റുവാൻ വിഭാവനം ചെയ്യുന്നു.

സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിലെ നാഷണൽ സർവ്വീസ് സ്കീം യൂണിറ്റുകളിലൂടെയാണ് പദ്ധതി നടപ്പിലാക്കുക. കോട്ടയം ജില്ലയിലെ 4,87,296 ഭവനങ്ങളിലും ജൈവ കൃഷിരീതിയിൽ പരിശീലനം സിദ്ധിച്ച 10,000 ത്തിൽപ്പരം നാഷണൽ സർവ്വീസ് സ്കീം വോളന്റിയർമാർ നേരിട്ടുചെന്ന് ജൈവ കൃഷിരീതികൾ പരിചയപ്പെടുത്തും.

കേരള ജൈവ കർഷക സമിതി, ഗ്രാമ-വാർഡ് തല സാമൂഹ്യ, സാംസ്കാരിക, സന്നദ്ധ സേവകർ, സംഘടനകൾ, ഗ്രന്ഥശാലകൾ, വിവിധ റെസിഡന്റ്സ് അസോസിയേഷനുകൾ, മഹാത്മാഗാന്ധി സർവ്വകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ്ങ് ലേണിങ്ങ് ഓർഗാനിക് ഫാമിങ്ങ് അലൂമിനി, തുടങ്ങിയ പ്രസ്ഥാനങ്ങൾ 'ജൈവം'പദ്ധതിയിൽ സഹകരിക്കുന്നുണ്ട്.

**2017 ആഗസ്റ്റ് 29ന്** രാവിലെ **10** ന് മഹാത്മാഗാന്ധി സർവ്വകലാശാല സ്പോർട്ട്സ് ഗ്രൗണ്ടിൽ വച്ച് **ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രിയും സർവ്വകലാശാല പ്രോ-ചാൻസിലറുമായ പ്രൊഫ. സി. രവീന്ദ്രനാഥ്** അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ **ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ** 'ജൈവം'പദ്ധതി ഉദ്ഘാടനം ചെയ്യുന്നതാണ്.

'ജൈവം'പദ്ധതിയുടെ വിജയത്തിനായി സർവ്വകലാശാലാ സമൂഹത്തിന്റെ സാന്നിദ്ധ്യം സാദരം അഭ്യർത്ഥിച്ചുകൊളളുന്നു.

ഒപ്പ്

രജിസ്ട്രാർ

പകർപ്പ്

1. സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/ സെൻററുകൾ
2. വൈസ് ചാൻസിലറുടെ പി.എസ്
3. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ/ഫിനാൻസ് ഓഫീസറുടെ പി.എ. മാർ
4. അസിസ്റ്റൻറ് സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ
5. പബ്ലിക് റിലേഷൻസ് ഓഫീസർ.
6. നോട്ടീസ് ബോർഡ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ